# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 8268

17.07.2014 ലെ മറുപടിക്ക്

### വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ

**ചോദ്യം**

ശ്രീ. പാലോട് രവി
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. അൻവർ സാദത്ത്
ശ്രീ. പി.എ.മാധവൻ

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പദ്ധതിയനുസരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

എ) & ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും ഭൂപ്രകൃതിക്ക് അനുയോജ്യമായ ടൂറിസം വികസനം സാധ്യമാക്കുന്നതിനുമായി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

സി) പദ്ധതികൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

സി) 2012-13 വർഷം 180.532 കോടി രൂപയും 2013-14 വർഷത്തിൽ 214.89 കോടി രൂപയും വകയിരുത്തി. 2014-15 സാമ്പത്തിക വർഷം 210.85 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(..........2)

| | | | |
|---|---|---|---|
| ഡി) | പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം സജ്ജീ-കരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നിർവ്വഹണ ഏജൻസികളെ അവലോകനം ചെയ്യുകയും ആവശ്യമായ യോഗങ്ങൾ ചേരുകയും തുടർനടപടികൾ സ്വീകരിക്കു-കയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണ ത്തിന്റെ പുരോഗതി വിലയിരുത്തുവാൻ ജില്ലാതലത്തിൽ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. LBS മുഖേന നടപ്പാക്കി വരുന്ന ഈ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. 14 ജില്ലകളിലെയും വിനോദസഞ്ചാര വകുപ്പിന്റെ ജില്ലാ ഓഫീസുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**